'കർമ്മേലകുസുമ' ഗ്രന്ഥാവലി, നമ്പർ ൫.

# അൽമേനികളും വേദപ്രചാരവും.

(ഫാ: ദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ.)

നി. വ. ദിവ്യശ്രീ കണ്ടത്തിൽ
മാർ അഗുസ്തീനോസു മെത്രാനച്ചൻ തിരുമനസ്സിലെ
അവതാരികയോടുകൂടിയതു്.

MANNANAM.

PRINTED AT THE ST. JOSEPH'S PRESS.

1921.

# Imprimatur.

† Thomas Kurialachery,

Bishop & Vic. Ap. of Changanacherry.

*Changanacherry.*
*23. 7. '21.*

---

## "കർമ്മലകുസുമ" ഗ്രന്ഥാവലി.

1. യാക്കോബായസഭ— (ഫാദർ ബർണ്ണാർഡ് സി. ഡി.)
2 ദേവമാതാവിന്റെ വണക്കമാസപ്പാട്ടുകൾ— (തീൻരേപായി)
(ഫാദർ സൈമൺ സി. ഡി.)
3. പ്രൊട്ടസ്റ്റാൻറുമതവും വേദപുസ്തകവും.
(ഫാദർ തോമ്മസ് മണ്ണഞ്ചേരി.)
4. ഭാരതഹൃദയം. (ഭാഷാന്തരം) (സി. അന്തപ്പായി ബി. ഏ.)
5. അൽമേനികളും വേദപ്രചാരവും.
(ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ.)

ഓരോന്നിന്നും വില ചക്രം രണ്ട്. തപാൽക്കൂലി പുറമേ.

രൂപായിക്കു ൰൪ പുസ്തകം.

ഒന്നേമുക്കാൽ അണെക്കു തപാൽസ്റ്റാമ്പോ, രണ്ടേമുക്കാൽ ചക്രത്തിന്ന അഞ്ചൽസ്റ്റാമ്പോ അയച്ച് ആവശ്യപ്പെടുന്നവർക്കു ഓരോ പുസ്തകവും കൂലിതീർത്തു അയച്ചുകൊടുക്കുന്നതാണ്. ഒരു പുസ്തകം മാത്രമായിട്ടു വി. പി. അയക്കുന്നതല്ല. ഒരു രൂപാ മുൻകൂറടച്ചുവന്നവർക്കു ആ വിലയ്ക്കുള്ള പുസ്തകങ്ങൾ ഓരോ നമ്പരിൽനിന്നു ഓരോന്നുവീതം പ്രസിദ്ധപ്പെടുത്തിയാലുടൻ അയച്ചുകൊടുക്കുന്നതാണ്.

കേരളീയ് കത്തോലിക്ക സുറിയാനിക്കാർക്കു

സ്വജാതിമെത്രാന്മാരെ

ലഭിച്ചതിൻെറ രജതജൂബിലി

# സ്മാരകം.

1896 — 1921.

ܠܟ ܐܠܗܐ ܡܫܒܚܝܢܢ

# അവതാരിക.

കേരളത്തിന്റെ നാനാഭാഗത്തും വേദപ്രചാരണകാൎയ്യത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഒരുണൎച്ച ഉണ്ടായിട്ടുണ്ടെങ്കിലും കത്തോലിക്ക അൽമേനികളിൽ പലരും ഇക്കാൎയ്യത്തിൽ തങ്ങൾക്കുള്ള കടമകളെ വേണ്ടപോലെ ഗ്രഹിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഈ ചുമതലകളെ അവരെ ഗ്രഹിപ്പിച്ച് അവരെ വേദപ്രചാരകാൎയ്യത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന്നായി എഴുതീട്ടുള്ള ഈ ലഘുലേഖനം അത്യന്തം ഉപകാരപ്രദമായിരിക്കുമെന്നതിന്ന് സംശയമില്ല. ൧൯൩൯-ൽ ഇവിടെ വച്ചു നടന്ന കേരളീയ കത്തോലിക്ക് കോൺഗ്രസ്സിൽ വായിക്കപ്പെട്ട ഒരു പ്രസംഗംതന്നേ അല്പം ചില ഭേദഗതികളോടുകൂടെ പ്രസിദ്ധപ്പെടുത്തുന്നതാകയാൽ ഇതു് നമ്മുടെ ജനങ്ങൾക്കു മുമ്പേതന്നേ പരിചയപ്പെട്ടിട്ടുള്ളതാണ്. ഇതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതുപോലെ അൽമേനികൾ തങ്ങളുടെ കടമകളെ നല്ലവണ്ണം മനസ്സിലാക്കി, ആത്മികമായും മാനസികമായും ശാരീരികമായും ചെയ്യാവുന്ന സഹായ സഹകരണങ്ങളെ എന്നു ചെയ്തുതുടങ്ങുന്നുവോ, അന്നു സത്യവേദം കേരളത്തിൽ ത്വരിതഗതിയായി പ്രചരിച്ചുതുടങ്ങുന്നതു കാണ്മാനിടയാകും. അതിനാൽ അൽമേനികളിൽ വേദപ്രചാരവിഷയത്തിൽ ഒരുണൎച്ചയുണ്ടാകുന്നതിന്നും, തൽസംബന്ധമായ അവരുടെ കടമകളെ ചൂണ്ടിക്കാണിച്ച് അതിന്നനുസരണമായി ഉത്സാഹപൂൎവ്വം പ്രവൎത്തിപ്പിക്കുന്നതിന്നുമുള്ള ഉദ്ദേശ്യത്തോടുകൂടി എഴുതിയിരിക്കുന്ന ഈ ചെറിയ

ഉപന്യാസത്തേയും തൽക്കർത്താവിനേയും പ്രസിദ്ധകന്മാരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

സാദരസ്മരണാർഹനായ പരിശുദ്ധ പിതാവ് പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സിലെ 'Quae rei Sacrae' എന്ന തിരുവെഴുത്തു പുറപ്പെട്ടിട്ടു ഇരുപത്തഞ്ചു സംവത്സരം പൂർത്തിയാകുന്ന ദിവസം ഇന്നാണല്ലൊ. പ്രസ്തുത രജതജൂബിലിയുടെ ഒരു സ്മാരകമായി ഈ ലഘുലേഖ പ്രസിദ്ധപ്പെടുത്താനുള്ള ഉദ്യമം സർവ്വഥാ സന്ദർഭോചിതവും ശ്ലാഘനീയവുമായിരിക്കുന്നു.

† Augustin Kandathil,
Bp. Vic. Ap. of Ernakulam.

എറണാകുളം,
28. 7. 1921.

## അൎമ്മേനികളും

# വേദപ്രചാരവും.

നമ്മുടെ സത്യവേദത്തിന്റെ ഒരു പ്രധാന ലക്ഷണം അതിന്റെ വിസ്മയനീയമായ പ്രചാരവും ആ ഉദ്ദേശസാദ്ധ്യത്തിന്നായി പ്രസ്തുത മതാവലംബികൾ ചെയ്തുവരുന്ന ശ്രമങ്ങളുമാണല്ലോ. തിരുസഭ ഭൂലോകത്തിന്റെ നാനാഭാഗങ്ങളിലും പരന്നുപിടിച്ചു്, സകലജാതിജനങ്ങളേയും അതിൽ ചേൎത്തു്, പാമരന്റെയും പണ്ഡിതന്റെയും ഒരുപോലെയുള്ള വിസ്മയത്തിന്നു പാത്രീഭവിച്ചിട്ടുള്ളതിന്റെ കാരണമെന്തെന്നാൽ അതിന്റെ സ്ഥാപനദിവസംമുതൽ തന്റെ ദിവ്യനേതാവിന്റെ കല്പനകളെ ഈഷൽഭേദമെന്യേ അതു് അനുസരിച്ചുവന്നിട്ടുള്ളതാണു്. "നിങ്ങൾ പോയി എല്ലാജാതികളേയും പഠിപ്പിക്കുക" (മത്തായി ൨൮ ൧൯.) "നിങ്ങൾ ഭൂലോകത്തിന്റെ എല്ലാ ദേശങ്ങളിലും പോയി എല്ലാ സൃഷ്ടികൾക്കും എന്റെ സുവിശേഷത്തെ പ്രസംഗിക്കുക" (മത്തായി ൧൯. ൧൫.) "നിങ്ങൾ ഓൎശ്ലേമ്മിലും യൂദേയായിലും സമരിയായിലും ഭൂലോകത്തിന്റെ അതിൎത്തിയിലുമുള്ള രാജ്യങ്ങളിലും എനിക്കു സാക്ഷികളായിരിക്കും". (അപ്പോസ്തല നടപടികൾ ൧. ൮.)

കൎത്താവിന്റെ മേല്പറഞ്ഞ ഉപദേശങ്ങളെ നിറവേറ്റുന്നതിനു ശ്ലീഹന്മാർ ആദ്യംമുതല്ക്കു പ്രയാസപ്പെട്ടു. വി: പൌലോസ് പറയുന്നതുപോലെ "അവരുടെ ശബ്ദം ഭൂലോകത്തിലെല്ലാം കേൾക്കപ്പെട്ടു". (റോമ്മാ: ൧൦. ൧൮.) ഈ കല്പനയെ അനുസരിച്ചു നിവൎത്തിക്കുന്നതിനാണല്ലോ നമ്മുടെ പുണ്യപിതാവായ മാൎത്തോമ്മാ തന്റെ സ്വന്ത നാടും വീടും വിട്ടു് ഈ രാജ്യത്തു വന്നു്

നമ്മുടെ പൂർവ്വന്മാരെ സത്യവേദത്തിലേക്ക തിരിച്ചത്. തോമ്മാ ശ്ലീഹാ ഇൻഡ്യയിലെന്നല്ല, ഈ മലയാളരാജ്യത്തു തന്നെയും വന്നിട്ടുണ്ടെന്നു ഞാൻ Dr. Fortescue മുതലായ ആംഗല പണ്ഡിതന്മാരുടെയുംമറ്റും എതിർവ്വാദങ്ങളെ ഖണ്ഡിച്ച്, "The Syrian Church in Malabar" എന്ന പുസ്തകത്തിലും, "Indian Messenger of the Sacred Heart" എന്ന പ്രതിമാസപത്രികയിലും എഴുതിയിട്ടുള്ളതിനാൽ ഏതദ്വിഷയകമായി കൂടുതൽ വിവരങ്ങൾ ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ലം.

എന്നാൽ നമ്മുടെ പുണ്യപിതാവു തുടങ്ങിയ വേലയെ നാം ഇനിയും പൂർത്തീകരിച്ചിട്ടുണ്ടോ? അങ്ങിനെ ചെയ്തിട്ടില്ലാത്തപക്ഷം അതിന്നായി നാം എന്താണു ചെയ്യേണ്ടത്? നമ്മുടെ ഉദാസീനതയെ പരിഹരിക്കേണ്ട മാർഗ്ഗങ്ങൾ ഏവ? ഈ സംഗതികളെക്കുറിച്ച് പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

ഇൻഡ്യയിലെന്നല്ല, നമ്മുടെ കേരളത്തിലും വേദപ്രചാരം മന്ദഗതിയിലാണെന്നു പറയാതെ ഗത്യന്തരമില്ല. പല ശതാബ്ദങ്ങളായി വേദപ്രചാരത്തിന്നു നാം പരിശ്രമിച്ചിട്ട് അതിൽനിന്നു ഉൽഭൂതമായിട്ടുള്ള ഫലങ്ങൾ എത്രയോ തുച്ഛങ്ങളാണ്. ൩൦ കോടി ജനം ഇൻഡ്യായിലുള്ളതിൽ കത്തോലിക്കരുടെ തുക ൨൫ ലക്ഷത്തിൽ ഒട്ടും കൂടുതലില്ല. ഇതിൽ സ്വാഭാവികമായിട്ടുള്ള ജനപ്പെരുപ്പത്തെ തള്ളി കണക്കു കൂട്ടുന്നതായാൽ, നമ്മുടെ മതപ്രചാര പരിശ്രമത്തിന്റെ ഫലമായി ഒരു ലക്ഷം ജനത്തിലധികം വരുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു ഒട്ടും തൃപ്തികരമല്ല. നമ്മുടെയിടയിൽ വേദം പ്രസംഗിച്ചുകഴിഞ്ഞു വളരെ ശതാബ്ദങ്ങളുടെശേഷം മാത്രം സത്യവേദത്തെക്കുറിച്ചു കേൾക്കുകപോലുംചെയ്ത രാജ്യങ്ങളെല്ലാംതന്നെ ഇപ്പോൾ ഉത്തമകത്തോലിക്കരാജ്യങ്ങളായി പരിവർത്തിച്ചുവരുന്നു. എന്നാൽ ഈ കേരളത്തിന്റെ സ്ഥിതി എത്രയോ പരിതാപകരമായിട്ടാണിരിക്കുന്നത്. ആദ്യശതാബ്ദങ്ങളിലും പതിനാറാംനൂററാണ്ടിലും സത്യവേദത്തിലേക്ക മനസ്സുതിരിഞ്ഞിട്ടുള്ളവരല്ലാതെ, ഇന്നാൾവരെയും ഒരു ഗണ്യമായ ജനക്കൂട്ടം വേദത്തിലേക്ക ചേന്നിട്ടുള്ളതായി ചരിത്രരേഖകൾ ഒന്നുംതന്നെ കാണുന്നില്ല. ഇവിടത്തെ തൽകാലസ്ഥിതി ഏതു മതത്തിൽ ഒരുവൻ ജനിക്കുന്നുവോ ആ മതത്തി

ൽതന്നെ അവൻ മരിക്കണമെന്നാണെന്നു തോന്നിപ്പോകുന്നു. അപ്പനമ്മമാർ ഏതു തെററായ വേദമാചരിച്ചു വന്നവരായാലും കൊള്ളാം, മക്കളും അവരുടെ തെററുകളേയും അബദ്ധങ്ങളേയും സ്വീകരിച്ചനുസരിച്ചു വരേണ്ടതു് അവരുടെ കടമയായി കരുതുന്നു. പൊതുവേയുള്ള ഈ തെററിദ്ധാരണയെ പരിഹരിക്കേണ്ടതു നമ്മുടെ ഒഴിച്ചുകൂടാത്ത ചുമതലയാണു്. ഇതിന്നുപകരം, എല്ലാമതങ്ങളും ശരിയാണോ? സാരഭൂതമായ സംഗതികളിൽത്തന്നേ പരസ്പരവിരുദ്ധമായ സംഗതികളെ പ്രധാനമതങ്ങൾ പഠിപ്പിക്കുന്നുണ്ടല്ലോ. അതുകൊണ്ടു അവയെല്ലാം ശരിയായിരിക്കാൻ പാടില്ലാത്തതാകുന്നു. ദൈവംതന്നെ ഒരു വേദം സ്ഥാപിച്ചിട്ടുണ്ടോ? അങ്ങിനെയുണ്ടെങ്കിൽ അതു ഏതു്? എന്നന്വേഷിച്ചറിയുകയും അതിൽചേൎന്നു് അതിൻെറ ഉപദേശാചാരങ്ങൾ അനുസരിച്ചു് ജീവിതത്തെ നയിക്കയും ചെയ്യാലല്ലാതെ രക്ഷ പ്രാപിക്കയില്ല എന്നിത്യാദി തത്വങ്ങൾ ജനസാമാന്യത്തിൻെറ ഇടയിൽ സാധാരണയായി പരത്തണം. അവനവൻെറ ആത്മാവിന്നു് അപ്പനമ്മമാർ കണക്ക കൊടുക്കുകയില്ല. അവനവൻെറ പാപപുണ്യങ്ങൾക്കുള്ള ശിക്ഷാരക്ഷകൾ അവനവൻതന്നെ അനുഭവിക്കണമെന്ന ബോധം എല്ലാവരിലും ഉണ്ടാക്കിത്തീൎക്കണം.

ഒരുവനു് സ്വന്ത ആത്മാവിനെ രക്ഷിക്കുന്ന സൎവ്വപ്രധാനമായ ജോലി കഴിഞ്ഞാൽ അന്യൻെറ ആത്മാവിനെ രക്ഷിക്കുന്നിടത്തോളം ഉൽകൃഷ്ടമായതും, മാഹാത്മ്യമേറിയതുമായ ജോലി വേറെ ഇല്ലെന്നു ഏവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതല്ലയോ? ഈ ജോലി ശ്രേഷ്ഠമായതു് എന്നു തന്നെയല്ലാ ദൈവം നമ്മെ കടപ്പെടുത്തീട്ടുള്ള ഒരു ജോലിയും ആകുന്നു. നമ്മുടെ ശക്തിപോലെ അന്യൻെറ ശാരീരികാവശ്യങ്ങളിൽ അവനെ സഹായിക്കേണ്ടതിന്നു സഹോദരസ്നേഹം നമ്മെ നിർബ്ബന്ധിക്കുന്നു എങ്കിൽ ശരീരത്തേക്കാൾ എത്രയോ വിലയേറിയ ആത്മാവിനെ സഹായിക്കേണ്ടതു നമ്മുടെ ഓരോരുത്തരുടേയും ഒഴിച്ചുകൂടാത്ത കടമയാണെന്നു സമ്മതിക്കാതെ നിൎവ്വാഹമില്ലാ. എന്നാൽ ഈ കടമയെ നാം ഓരോരുത്തരും വിശിഷ്യ അൽമേനികളും എങ്ങനെ നിറവേററുന്നു എന്നാണു് ഇനി ആലോചിക്കേണ്ടതു്.

വാസ്തവം പറയുകയാണെങ്കിൽ ഇങ്ങനെ ഒരു കടമ ഉണ്ടോ എന്നുകൂടി നമുക്കു ചിലപ്പോൾ സംശയം തോന്നിപ്പോകുന്നു. വേദം പ്രചരിപ്പിക്കേണ്ടതു് മെത്രാന്മാരുടെയും പട്ടക്കാരുടേയും കടമയല്ലേ? അൽമേനികൾക്കു അതിലെന്താണു് ചുമതല എന്നു നിങ്ങളിൽ ചിലർ ചോദിച്ചേക്കാം. ഈ ചോദ്യത്തിന്നു സമാധാനമെന്തെന്നാൽ, യുദ്ധം ചെയ്യിപ്പിക്കേണ്ടതു് പടത്തലവന്റെ ജോലിതന്നെ; എന്നാൽ യുദ്ധം ചെയ്യുന്നതു ഭടന്മാരല്ലയോ? ഇതുപോലെതന്നെ വേദം പ്രചാരപ്പെടുത്തേണ്ടതു് വൈദികമേലധികാരികളുടെ ചുമതല എന്നുതന്നെ സമ്മതിച്ചാലും, അതിന്നുള്ള പ്രധാന മാർഗ്ഗങ്ങൾ അൽമേനികളുടെ സഹായസഹകരണങ്ങളാണല്ലോ. എപ്പോൾ അവർ തങ്ങൾക്കു ഈ കാര്യത്തിൽ ഒഴിച്ചുകൂടാത്ത ഒരു ചുമതലയുണ്ടെന്നു നല്ലവണ്ണം മനസ്സിലാക്കി, തങ്ങളുടെ പാടും വശവുംപോലെ അതിനെ നിറവേറ്റുന്നതിന്നായിട്ടു ഉത്സാഹിക്കുന്നുവോ, അപ്പോൾ മലയാളത്തിലെ വേദപ്രചാരചരിത്രം ഒന്നു വ്യത്യാസപ്പെട്ടുകാണുമെന്നു് സധൈര്യം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. എന്നു് അവരിൽ ഏതദ്വിഷയസംബന്ധമായി ഒരുണർച്ചയുണ്ടാകുമോ, അന്നു തുടങ്ങി മലയാളത്തിൽ വേദപ്രചാരം ശീഘ്രഗതിയെ പ്രാപിക്കുമെന്നു അഭിപ്രായപ്പെടുന്നതിന്നു ഞാൻ ഒട്ടും മടിക്കുന്നില്ല. അതുകൊണ്ടു ഇങ്ങനെ ഒരുണർച്ചയും ഉത്സാഹവും ഉണ്ടാകുന്നതിന്നായിട്ടു അൽമേനികൾക്കു വേദപ്രചാരത്തിലുള്ള ചുമതലകളെ ചുരുക്കമായി ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു:

ഒന്നാമതായി അൽമേനികളെല്ലാവരും വിശിഷ്യ, ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും, ഉയന്നതരം ഉദ്യോഗങ്ങളിലിരിക്കുന്നവരും, മാന്യതരമായ ജോലി ചെയ്തുവരുന്നവരും, ജനസമ്മതന്മാരും, ജനസ്വാധീനമുള്ളവരുമായവർ ഒരുത്തമകത്തോലിക്കു വേദാവലംബിക്കനുരൂപമായ മാതൃകാജീവിതം കഴിക്കണം. ഇതാണു് അൽമേനികൾക്കു വേദപ്രചാരത്തിലുള്ള സർവ്വപ്രധാനമായ ചുമതല. ഉന്നതപദവിയിലുള്ള ഒരു കത്തോലിക്കൻ, കർത്താവു് നമ്മെ പഠിപ്പിച്ചിട്ടുള്ള എളിമ, ശാന്തത, കീഴ്വഴക്കം, പരിശുദ്ധത, പരസ്നേഹം, പരമാർത്ഥത, ദൈവസ്നേഹം എന്നിങ്ങനെയുള്ള പുണ്യങ്ങളാൽ അലംകൃതനായി, കുന്നിന്മേൽ

സ്ഥാപിക്കപ്പെട്ട ദീപസ്തംഭംപോലെ പ്രശോഭിക്കുന്നു എങ്കിൽ തൻെറ ദിവ്യവേദത്തിന് ഇതിൽപരം ഒരു നന്മ അയാൾ ചെയ്യേണ്ടതില്ല. എന്തുകൊണ്ടെന്നാൽ എത്രയോ ആളുകൾ അയാളുടെ നല്ലമാതൃക കണ്ടു് നമ്മുടെ വേദത്തെ അഭിമാനിക്കുന്നതിനും, കത്തോലിക്കവേദം ഉത്തമപുരുഷന്മാരായ ഇങ്ങനെയുള്ളവരെ വളൎത്തുന്ന ഒരു വിശിഷ്ടവേദമാണെന്നു അതിനെക്കുറിച്ചു ഒരു നല്ല അഭിപ്രായം ഉണ്ടാകുന്നതിനും, അവൎക്കു നമ്മുടെ മതത്തെക്കുറിച്ചുള്ള തെററിദ്ധാരണകളെയും ദുൎന്നിൎണ്ണയങ്ങളേയും ഉന്മൂലനം ചെയ്യുന്നതിന്നും ഇടയായിത്തീരും. ക്രിസ്തീയവേദതത്വങ്ങളെ ശരിയായി അനുഷ്ഠിച്ചാൽ അവശ്യം ഉണ്ടാകേണ്ടുന്ന സ്വഭാവവൈശിഷ്ട്യത്തോടുകൂടിത്തന്നെ സത്യവേദത്തെക്കുറിച്ചു വേദോപദേശത്തിൽ പഠിച്ചിട്ടുള്ളതിനു പുറമേ, ശാസ്ത്രീയമായ ഒരു ജ്ഞാനവും അത്യന്താപേക്ഷിതമാണ്. ഇങ്ങനെയുള്ള ഒരാൾ അന്യമതസ്ഥർ തന്നോടു ചോദിച്ചേക്കാവുന്ന ചോദ്യങ്ങൾക്കു സമാധാനം പറവാൻതക്ക അറിവുള്ളവനും ആയിരിക്കുമല്ലോ. ഈ അറിവില്ലാത്തവർമൂലം അഭിമാനത്തിനുപകരം വേദത്തിനു ആക്ഷേപംവരുന്നതിന്നു ഇടയാകും. ഇപ്രകാരം നമ്മുടെ വേദത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നതിനോടുകൂടിത്തന്നെ അന്യവേദങ്ങളേപ്പററിയും ഒരു സാമാന്യജ്ഞാനം ഒഴിച്ചുകൂടാത്തതാകുന്നു. ഒരു ആംഗ്ലേയ സംസ്കൃതപണ്ഡിതൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— "ഒരു ഹിന്ദുവിനെ ആകൎഷിക്കുന്നതിനുള്ള ഒരു പ്രധാനമാൎഗ്ഗം അയാളുടെ വേദത്തെക്കുറിച്ചും, അയാളുടെ തൎക്കശാസ്ത്രം, വേദാന്തസിദ്ധാന്തങ്ങൾ, ഭാഷാകാവ്യങ്ങൾ, വേദാചാരങ്ങൾ ഇവയെക്കുറിച്ചും നമുക്കു അറിയാമെന്നു കാണിക്കുകയാകുന്നു. അപ്പോൾ നമ്മോടു അയാൾ അതുവരെ കാണിച്ചിരുന്ന സംശയഭാവവും അലക്ഷ്യവും വിട്ടു് സ്നേഹഭാവത്തിലും വിനയാചാരമായും വൎത്തിക്കും. ഇതു എത്രയോ വാസ്തവവും എനിക്ക് അനുഭവസിദ്ധവുമാണ്. നമ്മുടെ ആളുകളിൽ എത്രയോ ചുരുക്കംപേൎക്കുമാത്രം ഹിന്ദുവേദതത്വങ്ങൾ, അവരുടെ തൎക്കശാസ്ത്രമടങ്ങിയ ഉപനിഷത്തുകൾ, അവരുടെ വേദാചാരങ്ങൾ ഇവയെക്കുറിച്ചും, ഇതുപോലെതന്നെ യാക്കോബായക്കാർ, പ്രോട്ടസ്റ്റൻറുകാർ, മഹമ്മദീയർ ഇവരുടെ വേദസിദ്ധാന്തങ്ങളെക്കുറിച്ചും ശരിയായിട്ടുള്ള അറിവു സമ്പാദിച്ചിട്ടുണ്ടു്. ആകയാൽ അന്യമതസ്ഥരുടെ

തെററുകളെ ചൂണ്ടിക്കാണിക്കുന്നതിനോ, അവരെ സത്യവേദത്തിലേക്കു തിരിക്കുന്നതിനോ നമുക്കു എളുപ്പത്തിൽ സാധിക്കുന്നില്ല. അന്യമതങ്ങളെക്കുറിച്ചു പഠിക്കുന്നതു് നമ്മുടെ വേദത്തിൽ നല്ലവണ്ണം ഉറച്ചു് അതിൻെറ തത്വങ്ങളേയും ആചാരങ്ങളേയും നന്നായി അഭ്യസിച്ചതിന്നുശേഷമേ ആകാവൂ എന്നുള്ള പ്രമാണം ഒരിക്കലും വിസ്മരിച്ചുകളയരുതു്. അല്ലെങ്കിൽ എഴുനേററുനില്ക്കാൻ പഠിക്കുന്നതിന്നുമുമ്പിൽ ഓടാൻ ശ്രമിക്കുന്ന ഒരു ചെറിയ കുട്ടിയുടെ പ്രവൃത്തിയോടു നമ്മുടെ പ്രവൃത്തിയെ സദൃശപ്പെടുത്തേണ്ടിവരും.

വേദപ്രചാരത്തിൽ അൽമേനികൾക്കുള്ള ചുമതലകൾ അതിന്നു നേരിട്ടു് (a) ആത്മികസഹായം, (b) മാനസികസഹായം, (c) ശാരീരികസഹായം എന്നീ മൂന്നു വിധത്തിലുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിലടങ്ങിയിരിക്കുന്നുയെന്നു് പറയാം.

(a) <u>ആത്മികസഹായം</u>; അന്യരുടെ മനസ്സുതിരിവിന്നായി ദിവസേന നാം പ്രാർത്ഥിക്കണം എന്നതാകുന്നു. ഇങ്ങിനെയുള്ള പ്രാർത്ഥന നാം ഓരോരുത്തരും കഴിക്കുന്നതുകൂടാതെ, നമ്മുടെ കുടുംബങ്ങളിൽ ദിവസേന ഈ നിയോഗത്തോടുകൂടി ചില പ്രാർത്ഥനകൾ നടത്തുക എന്നൊരു ചട്ടം കുടുംബത്തലവന്മാർ വെക്കേണ്ടതാകുന്നു. പാടുണ്ടെങ്കിൽ ചെറുകുട്ടികളേക്കൊണ്ടും ഈ ഉദ്ദേശസാദ്ധ്യത്തിന്നായി പ്രാർത്ഥിപ്പിക്കണം. അവരുടെ പ്രാർത്ഥനകൾ ദൈവത്തിന്നു പ്രത്യേകവിധത്തിൽ തൃപ്തികരമാണെന്നുപറയേണ്ടതില്ലല്ലോ. ഇതുകൂടാതെ അവനവൻെറ പാടുപോലെ ഈ നിയോഗത്തിന്നായി കുർബ്ബാന ചൊല്ലിക്കുന്നതും ഉത്തമമായ ഒരു മാർഗ്ഗമാണു്. ഈവക ആത്മിക സഹായങ്ങളുടെ ഉദ്ദേശം ചുവടെ പ്രസ്താവിക്കുന്നതുകൊണ്ടു ധരിക്കാം.

അന്യൻെറ മനസ്സുതിരിവു എന്നതു സ്വാഭാവിക ശക്തികളാൽമാത്രം സാധിക്കുന്ന ഒരു കാര്യമല്ലെന്നു കത്തോലിക്കാസഭ നമ്മെപഠിപ്പിക്കുന്നു. അതിന്നുദൈവവരപ്രസാദം അത്യന്താപേക്ഷിതമാണു്. ദൈവവരപ്രസാദംദൈവത്തിൻെറ ഒരു ദാനമാകയാൽ സ്വാഭാവികപ്രവൃത്തികൾകൊണ്ടു സ്വഭാവശക്തിക്കു മേൽപ്പെട്ട

അതിനെ ലഭിക്കുവാൻ കഴിയുകയില്ലെന്നു യുക്തിശാസ്ത്രാനുസാരേണ മനസ്സിലാക്കാവുന്നതാണ്. ആകയാൽ ജപധ്യാനങ്ങൾ, ദിവ്യപൂജ മുതലായ അരൂപിക്കടുത്ത ഭക്തികൃത്യങ്ങൾകൊണ്ടു വേണം ദൈവവരപ്രസാദം ലഭിക്കുവാൻ. വിത്തു വയലിൽ വിതച്ചാൽ അതിന്ന് ആവശ്യമുള്ള തണുപ്പും ചൂടും കിട്ടിയെങ്കിൽ മാത്രമേ അതു മുളച്ചു തളിർത്തു, വളർന്നു ഫലം തരികയുള്ളു. അതുപോലെതന്നെ, പ്രസംഗം, നല്ല ദൃഷ്ടാന്തം, നന്മപ്രവൃത്തി ഇവമൂലം അന്യഹൃദയത്തിൽ വിതയ്ക്കപ്പെടുന്ന വിത്ത്, ദൈവവരപ്രസാദത്തിന്റെ ചൂടും തണുപ്പുംകൊണ്ടു മാത്രമേ മുളച്ചു, വളർന്നു ഒരു ആത്മാവിനെ സത്യവേദത്തിലേക്കു തിരിക്കുകയുള്ളു. ഉപമാഭേദം വരുത്തി പറകയാണെങ്കിൽ ദൈവവരപ്രസാദമെന്ന മഴ പെയ്യുന്നതിന്നു പ്രാർത്ഥനയെന്ന ആവി ദൈവസന്നിധാനത്തിലേക്കു കയറേണ്ടിയിരിക്കുന്നു. ഇതിനായിട്ടാണ് കുടുംബങ്ങൾതോറും അന്യമതസ്ഥരുടെ മനസ്സുതിരിവ് എന്ന ഉദ്ദേശത്തോടുകൂടി കൂട്ടമായിട്ടുള്ള പ്രാർത്ഥനകൾ ആവശ്യമാണെന്നു ഞാൻ പറയുന്നത്.

(b) ബുദ്ധികൊണ്ട് അന്യരുടെ മനസ്സുതിരിവിന്നായി കഴിയുന്നത്ര പ്രയത്നിക്കയത്രേ മാനസികസഹായം. ദൈവത്തിന്ന് എല്ലാ മനുഷ്യരേയും പരസഹായംകൂടാതെ രക്ഷിക്കുവാൻ കഴിവുണ്ടെങ്കിലും, തന്റെ നിശ്ചയം മറ്റു മനുഷ്യർ വഴിയായി വേണം മനുഷ്യർ മനസ്സുതിരിവാൻ എന്നാണ്. അതുകൊണ്ടു ദൈവം നമുക്കു തന്നിട്ടുള്ള ബുദ്ധിശക്തിയെ ദുർവ്യയം ചെയ്കയോ, ഒളിച്ചുവയ്ക്കുകയോ ചെയ്യാതെ ഈ സദ്ദുദ്ദേശസാദ്ധ്യത്തിനായി വിനിയോഗിക്കണം. അന്യരാജ്യങ്ങളിൽ വിശിഷ്യ, ഇംഗ്ലണ്ടിൽ, അൽമേനികൾ ഈ വിഷയത്തിൽ ചെയ്യുന്ന പ്രവൃത്തികൾ സർവ്വത്ര ശ്ലാഘനീയങ്ങളത്രേ. Hilaire Belloc, Snead cox, Cecil Chesterton, Shane Leslie, James Britten (ഹിലേയർ ബെല്ലോക്ക്, സ്നീഡ് കോക്ക്സ്, സിസിൽ ചെസ്റ്റർട്ടൺ, ഷെയ്ൻ ലെസ്‌ലി, ജെയിംസ് ബ്രിട്ടൻ) മുതലായ കത്തോലിക്ക അൽമേനികളുടെ പേരുകൾ കേട്ടിട്ടില്ലാത്തവർ ചുരുക്കമാണ്. ഇവർ തങ്ങളുടെ പുസ്തകങ്ങൾ വഴിയായും, ലഘുലേഖകൾമൂലവും, പ്രസംഗങ്ങൾകൊണ്ടും കത്തോലിക്ക സഭയ്ക്കു

ണ്ടി ചെയ്തുവരുന്ന ശ്രമങ്ങൾ എത്രയും സ്തുത്യർഹങ്ങൾതന്നെ. ജേയിംസ് ബ്രിട്ടൻ (James Britten) എന്ന ദേഹത്താൽ സ്ഥാപിതമായ ആംഗ്ലേയ കത്തോലിക്ക തത്വസംഘത്തെക്കുറിച്ചു പലരും കേട്ടിരിക്കാനിടയുണ്ട്. ഇംഗ്ലണ്ടിൽ കത്തോലിക്കാസഭയിലേക്കു ഒരു നല്ല "ഒഴുക്കു" വീണിട്ടുള്ളതിന്റെ ഒരു പ്രധാന കാരണം ഈ കത്തോലിക്കാതത്വസംഘ പ്രസിദ്ധീകരണങ്ങളാകുന്നു. കീർത്തിപ്പെട്ട ഓരോ എഴുത്തുകാരുടെ നല്ല നല്ല ഉപന്യാസങ്ങൾ ഭംഗിയായി അച്ചടിപ്പിച്ചു ചുരുങ്ങിയ വിലയ്ക്കു പല ശാഖകളിലായി അവർ പരത്തുന്നു. സംഘംവക പല നല്ല ലഘുലേഖകളും എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളവർ ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള അൽമേനികളത്രേ. ഇപ്പോൾ ഈ സംഘത്തെ അനുകരിച്ചു ഇൻഡ്യായിലും ഒരു കത്തോലിക്കാ തത്വസംഘം ഏർപ്പെടുത്തീട്ടുണ്ട്. ഇതുപോലെതന്നെ നമുക്കും ഇവിടെയുള്ള ഹിന്തുക്കൾ, മഹമ്മദീയർ, യാക്കോബായക്കാർ, മർത്തോമ്മാക്കാർ ഇവരെ ഉദ്ദേശിച്ചും, കത്തോലിക്കരുടെതന്നെ വേദപഠനത്തെ ലാക്കാക്കിയും, മലയാളഭാഷയിൽ ഒരു കത്തോലിക്കാ തത്വസംഘം ഏർപ്പെടുത്തേണ്ടതല്ലയോ? ഇങ്ങനെ ഒരു സംഘത്തിന്റെമുന്നോടിപ്രസിദ്ധീകരണങ്ങളായി ആലപ്പുഴ യുവജനസമാജംവകയായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ലഘുലേഖകളും, "നഗ്രത്തിലെ യോഗി" മുതലായ പ്രത്യാഖ്യാനങ്ങളും, "സുമാർഗ്ഗപ്രകാശിക" തുടങ്ങിയുള്ള പുസ്തകങ്ങളിലെ ചില അദ്ധ്യായങ്ങളും "പാശ്ചാത്യരും പൌരസ്ത്യരും" 'കുസുമ ഗ്രന്ഥാവലി' ആദിയായ ലഘുലേഖകളും, ചെറുപുസ്തകങ്ങളായി തത്വസംഘത്തിന്റെ ചെലവിന്മേൽ വീണ്ടും അച്ചടിപ്പിച്ചു പരത്തരുതോ? കേരളീയ കത്തോലിക്കാ കോൺഗ്രസ്സിന്റെ ശ്രദ്ധയെ ഞാൻ ഈ വിഷയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നതിനോടുകൂടിത്തന്നെ, നമ്മുടെ വന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരുടെ അനുവാദത്തോടുകൂടി ഇക്കാര്യസാദ്ധ്യത്തിന്നായി ഒരു കമ്മറ്റിയെ ഏർപ്പെടുത്തി, അവർ മൂലം ഇങ്ങനെ ഒരു മലയാള കത്തോലിക്കാ തത്വസംഘം ഏർപ്പെടുത്തണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. സമുദായ നന്മയെ ഉദ്ദേശിച്ചു കൂടപ്പെട്ടിട്ടുള്ള കോൺഗ്രസ്സിന്നു ഇതിൽ വിശേഷമായ ഒരു കാര്യം ചെയ്യേണ്ടതില്ലെന്നാണെനിക്കു തോന്നുന്നത്. ഇങ്ങനെ പ്രവർത്തിക്കുന്നതായാൽ, വേദപ്രചാരത്തിൽ

അൽമേനികൾക്കുള്ള മാനസികമായ കടമയെ നിറവേററുന്നതിനോടുകൂടിത്തന്നെ, സാരമായ വേദപ്രചാരത്തിന്നും ഇടവരുന്നതാണു്. *

(c) വേദപ്രചാരവിഷയത്തിൽ അൽമേനികൾ ചെയ്തുകൊടുക്കാവുന്ന സഹായത്തിൽ മൂന്നാമത്തേതു് ശാരീരികമായിട്ടുള്ളതാണു്. ശാരീരികമെന്ന വാക്കിന്നു് ഞാനിവിടെ നിർദ്ദേശിച്ചിട്ടുള്ള അർത്ഥം ശരീരംകൊണ്ടുള്ള ബുദ്ധിമുട്ടുകളും, പണസംബന്ധമായി ചെയ്തുകൊടുക്കാവുന്ന സഹകരണങ്ങളും, മുൻ രണ്ടു ഇനങ്ങളിൽ ചേരാത്തതായിട്ടുള്ള എല്ലാ സഹായങ്ങളും തന്നെ. ഇതിൽ പ്രധാനമായിട്ടുള്ളതു് ധനസഹായമാണെന്നു് പറയേണ്ടതില്ലല്ലൊ. അവനവന്റെ ധനശക്തിക്കനുസരണമായുള്ള ഏതെങ്കിലും ഒരു തുക വേദപ്രചാരത്തിന്നായി ധർമ്മം ചെയ്യേ

---

* "കർമ്മലകുസുമ ഗ്രന്ഥാവലി"യെ "കേരളീയതതപസംഘ പ്രസിദ്ധീകരണ"മായി രൂപാന്തരപ്പെടുത്തിയാൽ കൊള്ളാമെന്നും മററും സമുദായാഭ്യുദയകാംക്ഷികളായ ചില മാന്യന്മാർ ഞങ്ങളോടു അവശ്യപ്പെടുന്നുണ്ടു്. പേരു എന്തുതന്നേ ആയിരുന്നാലും, ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നുണ്ടോ എന്നാണല്ലോ നമുക്കു പ്രധാനമായി നോക്കേണ്ടതു്. "കുസുമഗ്രന്ഥാവലി" ഈ രീതിയിൽ തുടന്നുപോകുന്നപക്ഷം തപസമാജം വഴിയായി ഉദ്ദേശിക്കപ്പെടുന്ന പ്രയോജനം അതുകൊണ്ടു നമുക്കിവിടെ സിദ്ധിക്കുമെന്നു പലരും അഭിപ്രായപ്പെടുന്നുണ്ടു്. മഹത്തുക്കളുടെ സഹായസഹകരണങ്ങൾ വേണ്ടപോലെയുണ്ടാകുന്നപക്ഷം, ഈ ഗ്രന്ഥാവലി തുടന്നുപോകുന്നതിന്നു വലിയ വിഷമം നേരിടുമെന്നും തോന്നുന്നില്ല. അപ്രകാരമുള്ള ഒത്താശകൾ പൊതുജനങ്ങളിൽ നിന്നുണ്ടാകാതിരിക്കുന്ന കാലത്തോളം, ഏതെല്ലാം പേരുകൾ നൽകിയാലും, എത്ര സംഘങ്ങളുണ്ടായാലും കാര്യനടപ്പുണ്ടാകാൻ മാർഗ്ഗമില്ലെന്നു ഇതുവരെയുള്ള അനുഭവംകൊണ്ടു നമുക്കു ബോധ്യപ്പെട്ടിട്ടുള്ളതുമാണല്ലോ. പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടായില്ല; അതുകളെ പ്രചരിപ്പിക്കണം. അതിലേക്കു ഓരോരുത്തൻ യഥാശക്തി ശ്രമിക്കണം. അതിനാൽ ഈ വിഷയത്തിലേക്കും കേരളീയകത്തോലിക്കരുടെ ശ്രദ്ധയേ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

ഗ്ര. പ്രസാധകൻ.

ണ്ട ഒരു ചുമതല നമുക്കുണ്ടെന്നു നാം മറന്നുകളയരുതു്. ഈ കടമയെ നാം ശരിയായി നിറവേററിയിരുന്നുവെങ്കിൽ നമ്മുടെ നാട്ടിൽ വേദം എത്ര നന്നായി പ്രചാരപ്പെട്ടേനേ. ധനവാന്മാരാണ് ഈ വിഷയത്തിൽ തങ്ങളുടെ മടിശ്ശീലകളുടെ കെട്ടുകളെ നന്നാ മുറുക്കികെട്ടിക്കാണുന്നതു്. സാധുക്കൾ ഈ വക സംഗതികളിൽ ഔദാൎയ്യശീലമുള്ളവരായിട്ടാണ് കാണപ്പെടുന്നതു്. എന്നാൽ നമ്മിലും അപൂൎവ്വമായിട്ടു് ചില ധനാഢ്യന്മാർ വലിയ ധനസഹായം ചെയ്യുന്നുണ്ടെന്നറിയുന്നതു നമുക്കേവൎക്കും അഭിമാനകരംതന്നെ. എൻെറ അറിവു ശരിയാണെങ്കിൽ, മാസംതോറും ൫൦ രൂപാ വീതം വേദപ്രചാരത്തിന്നായി ധൎമ്മം ചെയ്യുന്ന ഒരു അൽമ്മേനി നമ്മുടെ സമുദായത്തിലുണ്ടു്. ഇദ്ദേഹത്തിൻെറ നല്ല മാതൃകയെ നമ്മുടെ മററു ധനവാന്മാരും അനുകരിച്ചാൽ എത്രയൊ നന്നായിരുന്നു. അന്യരാജ്യത്തിലെ കത്തോലിക്കാ അൽമേനികൾ വേദപ്രചാരത്തിന്നു ചെയ്യുന്ന ധൎമ്മസഹായത്തെ നോക്കുക. ഈ മാസം അമ്മേരിക്കയിൽ നിന്നു കിട്ടിയ ഫീൽഡ് എഫാർ (The Field Afar) എന്ന പത്രത്തിൽ ചൈനാക്കാരനായ മിസ്റ്റർ ലൊ എന്നൊരു അൽമേനി വേദപ്രചാരത്തിന്നായി ചെയ്തുവരുന്ന ശ്രമങ്ങളെക്കുറിച്ചു വായിച്ചപ്പോൾ ഞാൻ ആശ്ചൎയ്യഭരിതനായി. ഇദ്ദേഹം മററു ചില കത്തോലിക്കരുടെ സഹായത്തോടുകൂടി ചൈനായിൽ ഷാൻഗായി (Shangai) എന്ന സ്ഥലത്തു ഒരു ആസ്പത്രി സ്ഥാപിച്ചു, അവിടെ പല വ്യാധിക്കാരായ ൫൪൦൦ രോഗികളെ ഇട്ടു ചികിത്സിച്ചുവരുന്നു. ഇവരിൽ പലരും മരിക്കുന്നതിനു മുമ്പ് മിസ്റ്റർ ലോതന്നെ മാമ്മോദീസാ കൊടുക്കുന്നു. ഇദ്ദേഹം ദിവസേന കുർബാന കാണുകതന്നെയല്ലാ, കുർബാനസ്സു കൂട്ടുകയും ചെയ്യുന്നു. ഒരു വൎഷത്തിൽ കുറഞ്ഞപക്ഷം ൨൦൦൦ പേരെ ഇദ്ദേഹംതന്നെ വേദത്തിലേക്കു ചേൎക്കുന്നുണ്ടെന്നു ആ പത്രത്തിൽ പറഞ്ഞിരിക്കുന്നു.

ഫ്രാൻസ്, (France) അമേരിക്കാ, (America) ജൎമ്മനി, (Germany) ആസ്ത്രിയാ, (Austria) ഇററലി, (Italy) മുതലായ രാജ്യങ്ങളിലെ കത്തോലിക്കരുടെ ധൎമ്മിഷ്ഠത വേദപ്രചാരത്തിന്നു് എത്രണ്ടു സഹായിക്കുന്നുണ്ടെന്നു നിങ്ങളിൽ ചിലർക്കെങ്കിലും അറിയാമായിരിക്കാം. ഈ മലയാളരാജ്യത്തുപോ

ല്പം ഇവർ ചെയ്യുന്ന ധനസഹായം എന്തുമാത്രമെന്നു ആ വക സംഗതികളിൽ പരിചയപ്പെട്ടിട്ടുള്ളവക്കറിയാം. (Society for the Propagation of the Faith) വേദപ്രചാരസംഘം (Society of the Holy Childhood) "ഉണ്ണിഈശോയുടെ സംഘം" ഇതുരണ്ടുമാണല്ലൊ വേദപ്രചാരത്തിന്നായി ധമ്മം ശേഖരിക്കുന്ന പ്രധാനസംഘങ്ങൾ. ഇതിൻെറ തലസ്ഥാനം പാരീസിലും, ശാഖകൾ എല്ലാ മിസ്സങ്ങളിലും, ഉപശാഖകൾ എല്ലാ ഇടവകകളിലുമുണ്ടു്. ഇതുപോലെതന്നെ നമുക്കും വേദപ്രചാരത്തിന്നായി ധമ്മം ശേഖരിക്കുന്ന ഒരു സംഘം നമ്മുടെ വന്ദ്യന്മാരായ വൈദികമേലദ്ധ്യക്ഷന്മാരുടെ അനുമതിയോടുകൂടി സ്ഥാപിക്കരുതോ? എർണാകുളം മിസ്സത്തിൽ ഇമ്മാതിരി ഒരു സംഘം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നുതന്നെ പറയാം. മാസാദ്യവെള്ളിയാഴ്ചയോ ഞായറാഴ്ചദിവസം കുർബാന കാണ്മാൻ വരുമ്പോളോ വീട്ടിലുള്ള ഓരോരുത്തരും ഒരു കാശുവീതം കൊടുക്കയാണെങ്കിൽ ഒരു ഗണ്യമായ തുക ആണ്ടുതോറും പിരിഞ്ഞുകിട്ടുന്നതാണ്. ഇതുകൂടാതെ, ഏതെങ്കിലും സംഖ്യ നേരിട്ടു മെത്രാന്മാക്കു അയച്ചുകൊടുക്കുകയോ, അല്ലെങ്കിൽ ആ വേലയിയിൽ അധികം ബുദ്ധിമുട്ടുന്ന അച്ചന്മാരേ ഏൾപ്പിക്കയോ ചെയ്യാവുന്നതാണ്! കേരളത്തിലേ സുറിയാനിക്കാക്കു സ്വജാതിമെത്രാന്മാരേ നിയമിക്കുന്നതിലേക്കുള്ള, നിത്യസ്മരണാർഹനായ പരിശുദ്ധ പിതാവു പതിമ്മൂന്നാം ലെയോൻ മാപ്പാപ്പാ തിരുമനസ്സിലേ (Quae rei Sacrae) എന്ന തിരുവെഴുത്തിൻെറ തീയതി ൧൮൯൬ ജൂലൈ മാസം ൨൮-ാം തീയതിയാണല്ലോ. അകയാൽ ചിരപ്രാത്ഥിതമായ ഈ ഭാഗ്യം ലഭിച്ചിട്ടു ഇന്നു ഇരുപത്തഞ്ചു സംവത്സരം പൂത്തിയാകുന്നു. ഈ രജതജൂബിലിയാഘോഷാവസരത്തിൽ വേദപ്രചാരത്തിന്നായി മിസ്സങ്ങൾതോറും ഓരോ മൂലധനം ഉണ്ടാക്കി നമ്മുടെ മെത്രാന്മാരേ ഏല്പിക്കുന്നതു എത്രയും ഉചിതമായിരിക്കും. ഇതിന്നായി "മാർത്തോമ്മാസംഘം" എന്നോ മറേറാ ഒരു സഭ സ്ഥാപിക്കേണ്ടതു ആവശ്യമാണ്. നമ്മുടെ പുണ്യപിതാവിൻെറ പേരു വഹിക്കുന്നതിനാൽ ജനങ്ങൾക്കു് ഇതിനോടു ആസക്തി വദ്ധിക്കാതിരിക്കയില്ല. നമുക്കുള്ള നിർവ്വാഹങ്ങളെ നാം ശരിയായി അഭിവൃദ്ധിയിൽ കൊണ്ടുവരികയാണെങ്കിൽ, നമ്മുടെ നാട്ടിൽനിന്നുതന്നെ വേദപ്രചാരത്തിന്നു

വേണ്ടുന്ന ധനസഹായം ഉണ്ടാകുമെന്നുള്ളതിന്നു സന്ദേഹമില്ല. ഇതിന്നായി നിങ്ങൾ ഓരോരുത്തരുടെ സഹായസഹകരണങ്ങളെ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

വേദപ്രചാരത്തിൽ അൽമേനികൾക്കുള്ള ചുമതലകളെക്കുറിച്ചു എനിക്കനുവദിച്ചിട്ടുള്ള ചുരുങ്ങിയ സമയത്തിൽ പറയാവുന്നിടത്തോളം ഒരുവിധം ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. നല്ല ക്രിസ്തീയജീവിതം കഴിച്ച് ഉത്തമ മാതൃകാപുരുഷന്മാരായി കത്തോലിക്ക അൽമേനികൾ ജീവിച്ച് അന്യരെ സത്യവേദത്തിലേക്കു തിരിക്കേണം. ഇതുകൂടാതെ, ആത്മികമായും, മാനസികമായും ശാരീരികമായും ചെയ്യേണ്ടുന്ന സഹായങ്ങളിൽ പ്രധാനപ്പെട്ടവയെക്കുറിച്ചും ഞാൻ വ്യവഹരിച്ചിട്ടുണ്ട്. ഈ കടമകളെ അൽമേനികളോരോരുത്തരും നിവൃത്തിപോലെ നിറവേററി അന്യരെ മനസ്സുതിരിക്കുന്നതിന്നു ബുദ്ധിമുട്ടുന്നുവെങ്കിൽ ഉൽകൃഷ്ടമായ വേദപ്രചാരജോലിയിൽ എല്ലാവരും ഭാഗഭാക്കുകളാകുകയും, സത്യവേദം നമ്മുടെ നാട്ടിൽ പതിന്മടങ്ങ് വർദ്ധിച്ചു പ്രബലപ്പെട്ട് ഒരു തൊഴുത്തും ഒരിടയനുമാകുന്നതിനു ഇടവരികയും ചെയ്യുമെന്നു പ്രസ്താവിച്ചുകൊണ്ടും അതിനായി സർവ്വേശ്വരനെ പ്രാർത്ഥിച്ചുകൊണ്ടും വിരമിക്കുന്നു.

L. S. D. M.

Printed and Published for the Proprietor by, P. K. Joseph, at
St. Joseph's Press, Mannanam. 1921.